**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.497** **01.07.2019-ലെ മറുപടിക്ക്**

## സാമ്പത്തിക ഭദ്രത സംബന്ധിച്ച അവലോകനം

**ചോദ്യം** **ഉത്തരം**

**ശ്രീ. മുഹമ്മദ് മുഹസിൻ പി.**
**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീ. ഇ.കെ.വിജയൻ**
**ശ്രീമതി സി.കെ. ആശ**

**ഡോ. ടി.എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എല്ലാ വർഷവും സർക്കാർ അവലോകനം നടത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മദ്ധ്യകാല സാമ്പത്തിക നയം രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചു പോരുന്നുണ്ട്. |
| (ബി) | കടം എടുക്കുന്ന തുകയിൽ വലിയൊരു ഭാഗം റവന്യൂ ചെലവിന് വിനിയോഗിക്കേണ്ടിവരുമ്പോഴുള്ള ഉത്കണ്ഠാജനകമായ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നിന്നും വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളു. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ |

| | | |
|---|---|---|
| | | വിഭവസമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(i) സർക്കാർ വകുപ്പുകൾ/ പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകൾ 5% വർദ്ധിപ്പിച്ചു.<br>(ii) സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനവും അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും സെസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br>(iii) ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>(iv) വാറ്റ് ആംനസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>(v) നികുതി കുടിശ്ശികകൾക്കായി സമഗ്ര ആംനസ്റ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>(vi) ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ |

| | | |
|---|---|---|
| | | വിൽപ്പനയിലെ നികുതി 2% വർദ്ധിപ്പിച്ചു.<br>(vii) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.<br>(viii) പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.<br>(ix) രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.<br>(x) ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തുവാൻ നടപ്പ് ബജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.<br>(xi) താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.<br>(xii) പാട്ടക്കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.<br>(xiii) ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |
| (സി) | സംസ്ഥാനത്തിന് എടുക്കാൻ പറ്റുന്ന വായ്പകൾ സംബന്ധിച്ചും വായ്പാപരിധി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന വായ്പകളിൽ പൊതു വിപണിയിൽ നിന്നുള്ള വായ്പയും LIC, GIC, NABARD മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും, |

| | | |
|---|---|---|
| | | NSSF ൽ നിന്നുള്ള വായ്പയും, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയും (വിദേശ സഹായ പദ്ധതി ഉൾപ്പെടെ), ലഘു സമ്പാദ്യ പദ്ധതി, Provident Fund, പബ്ലിക്ക് അക്കൗണ്ടിലെ മറ്റു നീക്കിയിരിപ്പുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു. ഇതനുസരിച്ച് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. |
| (ഡി) | വായ്പാപരിധി ഉയർത്തുന്നതിനെക്കുറിച്ച് കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിലെ കേന്ദ്രസമീപനം വ്യക്തമാക്കുമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. 21/06/2019 ൽ കേന്ദ്രത്തിന്റെ പ്രീ- ബജറ്റ് മീറ്റിങ്ങിൽ കേന്ദ്ര ധനകാര്യ മന്ത്രിയ്ക്ക് സംസ്ഥാന ധനകാര്യ മന്ത്രി സമർപ്പിച്ച നിവേദനത്തിൽ പ്രളയനന്തര പുനർ നിർമ്മാണത്തിനായി ലോക ബാങ്ക്, ADB, KfW തുടങ്ങിവയിൽ നിന്നും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പപരിധിയ്ക്ക് പുറമേ പരിഗണിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3.5% ആയി ഉയർത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) | നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കടബാധ്യത എങ്ങനെയാണ് നേരിടുന്നതെന്നും വരുംവർഷങ്ങളിൽ ഇത് എങ്ങനെ പരിണമിക്കുമെന്നും വ്യക്തമാക്കുമോ? | റവന്യൂ വരവിന്റെയും ചെലവിന്റെയും വളർച്ചയിൽ ഉണ്ടാകുന്ന ഗണ്യമായ അന്തരം സംസ്ഥാനം കാലങ്ങളായി അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണ്. തത്ഫലമായി കടമെടുക്കുന്ന പണത്തിന്റെ ഒരു ഭാഗം റവന്യൂ ചെലവിനായി വിനിയോഗിക്കേണ്ടതായി വരുന്നുണ്ട്. ടി സാഹചര്യം പൂർണ്ണമായി ഇല്ലാതാക്കുന്നതിനായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ |

| | | |
|---|---|---|
| | | നടപടികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ടി ഉദ്യമം സമ്പൂർണ്ണ വിജയം കൈവരിക്കുന്ന ഘട്ടത്തിൽ കടമെടുക്കുന്ന മുഴുവൻ തുകയും വികസന പ്രവർത്തനത്തിനായി ചെലവഴിക്കാൻ സാധിക്കും. സമ്പദ്ഘടനയിൽ ആയത് ഉളവാക്കുന്ന ഉത്തേജനം സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കും. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിറവേറ്റുന്നതടക്കമുള്ള ചെലവുകൾ നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. |

സെക്ഷൻ ഓഫീസർ